പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2522 28-10-2026-ൽ മറുപടിയ്ക്ക്

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ജി. സുധാകരൻ ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

(എ) കേരളത്തിലെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭവന നിർമ്മാണപദ്ധതികളിലൂടെ ആധുനിക സൗകര്യങ്ങളുള്ള വീടുകൾ നിർമ്മിച്ചു നൽകാൻ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ അവരുടെ ജനസംഖ്യയുടെ എത്ര ശതമാനം പേർക്ക് ഇത്തരം വീടുകൾ ലഭ്യമായിട്ടുണ്ട്;

മറുപടി: പട്ടികജാതി പട്ടിക വർഗ വിഭാഗങ്ങൾക്കായി തനത് ഭവന പദ്ധതികൾ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. എന്നാൽ പട്ടികജാതി വികസന വകുപ്പ് നേരിട്ട് പട്ടികജാതി കുടുംബങ്ങൾക്ക് സുരക്ഷിതവും ആധുനിക സൗകര്യവുമുള്ള ഭവനം ഉറപ്പാക്കുന്നതിനുള്ള ഭവന പദ്ധതിയുടെ മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. പദ്ധതി നടത്തിപ്പിനുള്ള ഭരണാനുമതി,ധനസഹായ തുക എന്നിവ സംബന്ധിച്ച് സർക്കാർ പരിശോധിച്ചു വരുന്നു.

സർക്കാരിന്റെ നൂറുദിന കർമ്മപരിപാടിയുടെ ഭാഗമായി പട്ടികവർഗ്ഗക്കാർക്ക് ഭവനനിർമ്മാണ നടത്തുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്.

(ബി) സ്വാതന്ത്ര്യം കിട്ടി എൺപതാം വാർഷികം അടുത്തവർഷം ആഘോഷിക്കുമ്പോഴും പ്രസ്തുത വിഭാഗങ്ങളുടെ താമസം, ഭക്ഷണം, വിദ്യാഭ്യാസം, വരുമാനം, തൊഴിൽ തുടങ്ങിയ മേഖലകളിൽ മറ്റ് വിഭാഗങ്ങളോടൊപ്പം എത്തിയിട്ടില്ലായെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: പട്ടികജാതി വിഭാഗക്കാരുടെ താമസം. ഭക്ഷണം, വിദ്യാഭ്യാസം, വരുമാനം തൊഴിൽ തുടങ്ങിയ മേഖലകളിൽ മറ്റ് വിഭാഗങ്ങളോടൊപ്പം എത്തിക്കുന്നതിനായി പട്ടികജാതി വികസനത്തിന് അകെ സംസ്ഥാന ബജറ്റ് വിഹിതത്തിന്റെ 9.81% എല്ലാ വർഷവും വകയിരുത്തുന്നു. പട്ടികജാതി വിഭാഗങ്ങളുടെ ത്വരിതവേഗതയിലുള്ള വളർച്ച ഉറപ്പുവരുത്തുന്നതിനായി വകുപ്പ് ക്ഷേമപദ്ധതികളിൽ നിന്ന് ശാക്തീകരണ പദ്ധതികളിലേക്ക് ചുവടുവയ്ക്കുകയും, അതുവഴി ഈ വിഭാഗത്തിന്റെ അടിസ്ഥാന സൗകര്യം വികസനത്തിനൊപ്പം വിദ്യാഭ്യാസ ഉന്നമനവും, വരുമാന സ്ഥിരതയും, സംരംഭകത്വ വികസനവും കൈവരിച്ചുവരുന്നു.

പട്ടികവർഗ്ഗ വിഭാഗക്കാരുടെ വിദ്യാഭ്യാസം, ആരോഗ്യം, അടിസ്ഥാന സൗകര്യ വികസനം, ബോധവത്കരണം എന്നീ മേഖലകൾ കേന്ദ്രീകരിച്ചാണ് പദ്ധതികൾ നടപ്പിലാക്കി വരുന്നത്. ആയത് പട്ടികവർഗ്ഗക്കാരുടെ സമഗ്ര വികസനത്തിന് ആക്കം കൂട്ടിയിട്ടുണ്ട്.

(സി) പ്രസ്തുത വിഭാഗങ്ങളുടെ തീവ്ര പിന്നോക്കാവസ്ഥ മാറ്റി ആധുനിക ജീവിതത്തിലേയ്ക്ക് കടന്നുവരാനുള്ള എന്തെല്ലാം സാമൂഹ്യപദ്ധതികളാണ് വിഭാവനം ചെയ്യുന്നത്;

<u>മറുപടി:</u> പട്ടികജാതി വിഭാഗങ്ങളുടെ തീവ്ര പിന്നാക്കാവസ്ഥ മാറ്റി ആധുനിക ജീവിതത്തിലേക്ക് കടന്നുവരുന്നതിനായ പട്ടികജാതി വികസന വകുപ്പ് മുഖേന ഭ്രൂരഹിത പുനരധിവാസ പദ്ധതി, സേഫ് പഠനമുറി, ചികിത്സാ ധനസഹായം, ഏക വരുമാനദായകൻ മരണപ്പെട്ട കുടുംബങ്ങൾക്കുള്ള ധനസഹായം, വിവാഹ ധനസഹായം, മിശ്ര വിവാഹിതർക്ക് ധനസഹായം, ദുർബല വിഭാഗങ്ങൾക്കുള്ള പ്രത്യേക പുനരധിവാസ പദ്ധതി എന്നീ സാമൂഹ്യവികസന പദ്ധതികൾ നടപ്പിലാക്കുന്നു. കൂടാതെ, നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വികസന വകുപ്പിന്റെ തനത ഭവന പദ്ധതിക്കുള്ള മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ, സർക്കാരിന്റെ 100 ദിന കർമ്മപരിപാടിയുടെ ഭാഗമായി 1000 പഠനമുറികൾ പൂർത്തീകരിക്കുകയും പട്ടികജാതിയിലെ ദുർബലവിഭാഗങ്ങളിൽ 25 പേർക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ആനുകൂല്യങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

പട്ടികവർഗ്ഗ ജനവിഭാഗത്തിന്റെ വികസനത്തിനായി 2026-27 സാമ്പത്തിക വർഷത്തിൽ 978.41 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.

(ഡി) ഗവേഷണ മേഖലയിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ സാന്നിദ്ധ്യം എത്രയെന്ന് വിശകലനം ചെയ്തിട്ടുണ്ടോ;

<u>മറുപടി:</u> UGC പാസാകാത്ത വിദ്യാർത്ഥികൾക്ക് UGC കാലാകാലങ്ങളിൽ അനുവദിക്കുന്ന തുകയുടെ 75% നിരക്കിൽ ഫെലോഷിപ്പും കണ്ടിജന്റ് ഗ്രാന്റും സംസ്ഥാന ധനസഹായമായി വകുപ്പ് അനുവദിക്കുന്നു. ഇപ്രകാരം, പ്രതിവർഷം ശരാശരി 400 വിദ്യാർത്ഥികൾ ഇ-ഗ്രാന്റ്സ് പോർട്ടൽ മുഖേ രജിസ്റ്റർ ചെയ്ത് ഫെലോഷിപ്പ് വാങ്ങിവരുന്നു.

ബിരുദ, ബിരുദാനന്തര തലങ്ങളെ അപേക്ഷിച്ച് ഉന്നത ഗവേഷണ (Ph.D.) രംഗത്ത് പട്ടികവർഗ്ഗ വിഭാഗങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളുടെ സാന്നിദ്ധ്യം നിലവിൽ പരിമിതമാണെങ്കിലും സമീപകാലത്തായി കൂടുതൽ വിദ്യാർത്ഥികൾ ഗവേഷണ രംഗത്തേക്ക് കടന്നുവരുന്നുണ്ട്. സാമ്പത്തിക പരാധീനതകൾ കാരണം ഗവേഷണം പാതിവഴിയിൽ മുടങ്ങിപ്പോകാതിരിക്കുന്നതിനായി പി.എച്ച്.ഡി. വിദ്യാർത്ഥികൾക്ക് പ്രതിമാസ ഫെലോഷിപ്പും വാർഷിക ആകസ്മിക ഗ്രാന്റും (Contingency Grant) ഇ-ഗ്രാന്റ്സ് (e-Grants) പോർട്ടൽ വഴി കൃത്യമായി വിതരണം ചെയ്തുവരുന്നു. കൂടാതെ, ലോകോത്തര വിദേശ സർവ്വകലാശാലകളിൽ Ph.D. / പോസ്റ്റ്-ഡോക്ടറൽ ഗവേഷണം നടത്തുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി പരമാവധി 25 ലക്ഷം രൂപ വരെ ധനസഹായം നൽകുന്ന ഉന്നതി ഓവർസീസ് സ്കോളർഷിപ്പ്' പദ്ധതിയും വകുപ്പ് കാര്യക്ഷമമായി നടപ്പിലാക്കുന്നുണ്ട്.

(ഇ) ഉന്നത വിദ്യാഭ്യാസ മേഖലയിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സംവരണം ചെയ്തിട്ടുള്ള സീറ്റുകൾ പലസ്ഥാപനങ്ങളിലും ഒഴിഞ്ഞുകിടക്കുകയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

<u>മറുപടി:</u> ചില പ്രത്യേക പ്രൊഫഷണൽ സാങ്കേതിക കോഴ്സുകളിലും വിദൂര കോളേജുകളിലും അപേക്ഷകരുടെ കുറവ് മൂലം സംവരണ സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്ന സാഹചര്യം ഉണ്ടാകുന്ന പക്ഷം പ്രസ്തുത സീറ്റുകളിലേക്ക് OEC വിഭാഗത്തിൽപെട്ട അപേക്ഷകർക്ക് അഡ്മിഷൻ നൽകുന്നതിന് അനുമതി നൽകിക്കൊണ്ട് പിന്നോക്ക വിഭാഗ വികസന വകുപ്പിന്റെ 02.08.2017 ലെ സഉ (കൈ) നം. 14/2017/

പി. വി. വി. വ ഉത്തരവ് പുറത്തിറക്കിയിട്ടുണ്ട്. എന്നിരുന്നാലും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് അർഹതപ്പെട്ട സീറ്റുകൾ അവർക്ക് തന്നെ ലഭ്യമാക്കുന്നതിനായി വകുപ്പ് സമഗ്രമായ ഇടപെടൽ നടത്തി വരുന്നുണ്ട് .

(എഫ്) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സംവരണം ചെയ്ത സീറ്റുകൾ മറ്റ് സമുദായക്കാർക്ക് മാറ്റികൊടുക്കരുതെന്ന് രണ്ട് പതിറ്റാണ്ടുകൾ മുമ്പ് കേരള സർവ്വകലാശാല ഉത്തരവിറക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: വിവരം ശേഖരിച്ചു വരുന്നു.

(ജി) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സംവരണം ചെയ്ത സീറ്റുകളിലേക്ക് അപേക്ഷകരില്ലാത്ത സാഹചര്യങ്ങളിൽ ഇതര സമുദായങ്ങളിൽപ്പെട്ടവർക്ക് ഇവരുടെ സീറ്റുകൾ മാറ്റി നൽകുന്ന രീതി പല ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും നിലനിൽക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അത്തരം സാഹചര്യങ്ങൾ ഇല്ലാതാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

മറുപടി: (ഇ) പിരിവിലെ ഉത്തരം.

സെക്ഷൻ ഓഫീസർ

അനുബന്ധം

ക്രമ നമ്പർ		പദ്ധതിയുടെ പേര്
എ. വിദ്യാഭ്യാസം		
1	വിദ്യാർത്ഥികൾക്ക് പ്രോത്സാഹനവും സഹായവും	
(i)	സമർത്ഥരായവിദ്യാർത്ഥികൾക്ക് പ്രത്യേകപ്രോത്സാഹനം	
(ii)	അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്പ്മെന്റ്	
(iii)	സ്കൂൾ&vകോളേജ് വിദ്യാർത്ഥികൾക്ക് പഠനയാത്രയ്ക്കുള്ളസഹായം	
(iv)	അനാഥരായകുട്ടികൾക്കുള്ളസഹായം	
(v)	വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം	
2	പട്ടികവർഗ്ഗക്കാർക്കിടയിൽ വിദ്യാഭ്യാസ പ്രോത്സാഹനം	
3	വിദ്യാവാഹിനി	
4	ഒമ്പത്, പത്ത് ക്ലാസുകളിൽപഠിക്കുന്നപട്ടികവർഗ്ഗവിദ്യാർത്ഥികൾക്കായുള്ള പ്രീമെട്രിക് സ്കോളർഷിപ്പ് (25 ശതമാനം സംസ്ഥാന വിഹിതം)	
5	പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് (25 ശതമാനം സംസ്ഥാന വിഹിതം)	
6	വിദേശത്തും സംസ്ഥാനത്തിന് പുറത്തും പഠിക്കുന്നതിനുള്ള സ്കോളർഷിപ്പുകൾ	
7	ഗോത്ര പഠനങ്ങൾക്കായുള്ള അക്കാദമിക് ആന്റ് റിസർച്ച് ചെയർ**(പുതിയപദ്ധതി)**	
ബി.നൈപുണ്യം, തൊഴിൽ, സംരംഭകത്വം		
8	പട്ടികവർഗ്ഗ യുവതി/യുവാക്കൾക്ക് സ്വയം തൊഴിലിനും നൈപുണ്യ വികസന പരിശീലനത്തിനുമുള്ള സഹായം	
9	ഉന്നതി-സംരംഭകത്വ വികസന പരിപാടിയും സ്റ്റാർട്ടപ്പുകളും	
10	വിംഗ്സ് (വ്യോമയാന മേഖലയിലെ നൈപുണ്യ വികസന പരിപാടി)	
11	പട്ടികവർഗ്ഗക്കാർക്കുള്ള വരുമാനദായക കാർഷിക ഉദ്യമം	
12	കേരള ടൈബൽ പ്ലസ് (എം.ജി.എൻ.ആർ.ഇ.ജി.എസ്-ന് കീഴിലുള്ള അധിക തൊഴിൽ)	
സി. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ		
13	മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ നടത്തുന്നതിനായുള്ള ചെലവുകൾ	
14	പട്ടികവർഗ്ഗവിദ്യാർത്ഥികൾക്കായുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ	
15	പ്രീ-മെട്രിക്,പോസ്റ്റ്-മെട്രിക് ഹോസ്റ്റലുകളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തലും ,നവീകരണവും	
16	പട്ടികവർഗ്ഗ മേഖലയിൽ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ/ആശ്രം സ്കൂളുകൾ/ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ/പ്രീ-മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ എന്നിവയ്ക്കുള്ള കെട്ടിടങ്ങളുടെ നിർമ്മാണം	
17	പട്ടികവർഗ്ഗക്കാർക്കുള്ള തൊഴിലധിഷ്ഠിതപരിശീലനസ്ഥാപനം	
18	പട്ടികവർഗ്ഗക്ഷേമ സ്ഥാപനങ്ങൾക്കുള്ള സഹായം	
19	പട്ടികവർഗ്ഗസ്ത്രീകൾക്കുള്ള മൾട്ടിപർപ്പസ് ഹോസ്റ്റലുകൾ **(പുതിയപദ്ധതി)**	

ഡി. സാമൂഹിക മേഖലയിലെ ഇടപെടലുകൾ	
20	അടിയ, പണിയ, പ്രാക്തനഗോത്രവർഗ്ഗക്കാർ, വനത്തിൽ ജീവിക്കുന്ന പട്ടികവർഗ്ഗക്കാർ എന്നിവർക്കുള്ള പ്രത്യേക പരിപാടി
21	പണിയസമുദായത്തിനുള്ളപ്രത്യേകവികസനപാക്കേജ്
22	പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായുള്ള സഹായം
(i)	പട്ടികവർഗ്ഗ പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായം
(ii)	സിക്കിൾ സെൽ അനീമിയ രോഗികൾക്കുള്ള സഹായം
(iii)	ജനനി-ജന്മരക്ഷ
(iv)	പരമ്പരാഗത പട്ടികവർഗ്ഗ വൈദ്യൻമാർക്കുള്ള സാമ്പത്തിക സഹായം
(v)	ഗോത്ര വാത്സല്യ നിധി(പട്ടികവർഗ്ഗ പെൺകുട്ടികൾക്ക് എൻഡോവ്മെന്റ് പരിപാടി)
23	ഭക്ഷണത്തിനുള്ള സഹായം/ഭക്ഷ്യ സുരക്ഷയ്ക്കുള്ള പരിപാടി
24	സമഗ്ര പട്ടികവർഗ്ഗ ആരോഗ്യ സംരക്ഷണം
25	ഭവനപദ്ധതി - അപൂർണ്ണമായവീടുകളുടെപൂർത്തീകരണം
26	ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്കുള്ള ഭവന പദ്ധതി (ലൈഫ് മിഷൻ)
27	അംബേദ്ക്കർ സെറ്റിൽമെന്റ് വികസന പദ്ധതി
28	ഭൂരഹിതരായപട്ടികവർഗ്ഗക്കാരുടെ പുനരധിവാസം (ടി.ആർ.ഡി.എം)
29	പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി രജിസ്ട്രേഷൻ സഹായം**(പുതിയപദ്ധതി)**
30	പട്ടികവർഗ്ഗ ഉന്നതികൾക്കായുള്ള ഉപജീവനമിഷൻ
31	പട്ടികവർഗ്ഗ മേഖലകളിലെ തദ്ദേശീയ ടൂറിസത്തിന്റെ പ്രോത്സാഹനം **(പുതിയപദ്ധതി)**
32	ഇടമലക്കുടി സമഗ്രവികസനപാക്കേജ്
33	പട്ടികവർഗ്ഗ ഉന്നതികളിലെ അടിസ്ഥാനസൗകര്യങ്ങളിലെ നിർണ്ണായകവിടവുകൾ പരിഹരിക്കുന്നതിനുള്ള പ്രത്യേക പാക്കേജ്
ഇ. മറ്റു പദ്ധതികൾ	
34	വിവര, വിദ്യാഭ്യാസ, വിനിമയ പദ്ധതി (ഐ.ഇ.സി)
35	പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നവീകരണം
36	1999-ലെ ഭൂമി കൈമാറ്റ നിയന്ത്രണവും അന്യാധീനപ്പെട്ട ഭൂമി പുനഃസ്ഥാപിച്ച് നൽകൽ നിയമംനടപ്പാക്കലും
37	1989 ലെഅതിക്രമങ്ങൾതടയൽനിയമംനടപ്പിലാക്കൽ (50% സംസ്ഥാനവിഹിതം)
38	പട്ടികവർഗ്ഗ മേഖലകളിൽ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള മാനവവിഭവ ശേഷി പിന്തുണ
(i)	ട്രൈബൽ പ്രമോട്ടർമാർ
(ii)	ഊരുകൂട്ടങ്ങളുടെ സംഘാടനം
(iii)	മാനേജ്മെന്റ് ട്രെയിനികൾക്കും ഹെൽത്ത്മാനേജ്മെന്റ് ട്രെയിനികൾക്കുംഓണറേറിയം
(iv)	ഹോസ്റ്റലുകളിലുംഎം.ആർ.എസ്സുകളിലും പ്രവർത്തിക്കുന്ന കൗൺസിലർമാർക്കുള്ള ഓണറേറിയം
(v)	പട്ടികവർഗ്ഗ ക്ഷേമത്തിനുവേണ്ടി സാമൂഹ്യ പ്രവർത്തകരുടെ സേവനം ഉപയോഗപ്പെടുത്തൽ
(vi)	ഗോത്രബന്ധു-പ്രൈമറി സ്ക്കൂളുകളിൽ ഗോത്ര വിഭാഗ അദ്ധ്യാപകരുടെ സേവനം
39	പൂൾഡ് ഫണ്ട്-പട്ടികവർഗ്ഗഉപപദ്ധതിയിൽ മറ്റു വകുപ്പുകൾനിർദ്ദേശിക്കുന്നപ്രത്യേക പ്രോജക്ടുകൾക്കായുള്ള ഫണ്ട്
40	പട്ടികവർഗ്ഗ ഉപപദ്ധതി പ്രകാരമുള്ള പരിപാടികളിലെ നിർണ്ണായക വിടവ് നികത്തൽ (കോർപ്പസ് ഫണ്ട്)

41	ആദികലാകേന്ദ്രത്തിന് സഹായം
42	റിസർച്ച് &ട്രെയിനിംഗ് ഓഫ് കിർത്താഡ്സ്
43	കിർത്താഡ്സിന് പശ്ചാത്തല സൗകര്യമൊരുക്കൽ
44	കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ലിമിറ്റഡ്-ടി.എസ്.പി (51 ശതമാനം സംസ്ഥാന വിഹിതം)
45	എസ്.ടി സഹകരണ സ്ഥാപനങ്ങളുടെ പുനരുജ്ജീവനം**(പുതിയപദ്ധതി)**
	എഫ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും കുടുംബശ്രീ മുഖേനയും നടപ്പിലാക്കുന്നപട്ടികവർഗ്ഗ ഉപപദ്ധതി പരിപാടികൾ
1	പ്രധാൻമന്ത്രി ആവാസ് യോജന (ഗ്രാമീൺ) (പി.എം.എ.വൈ) ടി.എസ്.പി (40 ശതമാനംസംസ്ഥാനവിഹിതം)
2	i. ദീൻദയാൽഅന്ത്യോദയയോജന –നാഷണൽ റൂറൽലൈവ് ലി ഹൂഡ് മിഷൻ (ഡേ-എൻ.ആർ.എൽ.എം)(40 ശതമാനം സംസ്ഥാന വിഹിതം)
	ii. ദീൻദയാൽഉപാധ്യായഗ്രാമീൺ കൗശല്യയോജന (ഡി.ഡി.യു.ജി.കെ.വൈ)-ടി. എസ്. പി (40 ശതമാനംഎസ്. എസ്)
	iii. മഹിളാകിസാൻസശക്തികരൺപരിയോജന (എം. കെ. എസ്. പി)-ടി. എസ്. പി. (40 ശതമാനംഎസ്. എസ്.)